(സി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നീളവും വീതിയും എത്രയെന്ന് അറിയിക്കാമോ?

ഇടതുകരയിൽ മണിയൂർ ഭാഗത്ത് റോഡിന് 90 മീറ്ററും വലതുകരയിൽ തിരുവള്ളൂർ ഭാഗത്ത് 120 മീറ്ററുമാണ് അപ്രോച്ച് റോഡിന്റെ നീളം. റോഡിന്റെ വീതി 11.5 മീറ്റർ.

**പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം**

167(5614) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനം പ്രയോജനപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

&

(ബി) കേന്ദ്രം ഇതിനായി അനുവദിച്ച ഫണ്ടുപയോഗിച്ച് കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളിൽ പൂർത്തിയാകാത്തവയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതാണെന്നും എന്താണ് കാരണമെന്നും വ്യക്തമാക്കാമോ?

(എ&ബി) ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള ജൽജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ സ്രോതസ്സുകളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കിയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. എന്നാൽ ജൽജീവൻ പദ്ധതിയിലും ജലസേചന വകുപ്പ് മുഖേനയുള്ള മറ്റുപദ്ധതികളിലും പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി പ്രത്യേക കേന്ദ്ര വിഹിതം ലഭ്യമല്ല.

(സി) തോടുകളുടെയും കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണം ഉറപ്പാക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

തോടുകൾ, കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും പുനരുദ്ധാരണവും വിവിധ പ്ലാൻ, നോൺപ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച കിട്ടുന്ന സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. മൈനർ ഇറിഗേഷൻ ക്ലാസ് 1, മൈനർ ഇറിഗേഷൻ ക്ലാസ് 11, മൈനർ ഇറിഗേഷൻ പ്രോജക്ട്സ് ഇൻ കാവേരി ബേസിൻ, ഭവാനി ബേസിൻ എന്നീ പ്ലാൻ ഫണ്ടുകളും പ്രോജക്ട് മെയിന്റനൻസ്, ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ഫണ്ടുകളും ഉപയോഗിച്ചാണ് നിലവിൽ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. കൂടാതെ ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" -യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച ഹരിതകേരളം മിഷൻ Class I, Class II, കുളങ്ങളുടെയും ടാങ്കുകളുടെയും പുനരുദ്ധാരണം എന്നീ ഫണ്ടുകൾ ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജലത്തിന്റെ കൃത്യവും കാര്യക്ഷമവുമായ ഉപയോഗത്തിലൂടെ സൂക്ഷ്മ ജലസേചനം (മൈക്രോ ഇറിഗേഷൻ) നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ജലസ്രോതസ്സുകളുടെ സംരക്ഷണവും ഉറപ്പാക്കാൻ കഴിയും.

(ഡി) നീർത്തടങ്ങൾ നിരവധിയുള്ളതും കാർഷിക മേഖലയുമായ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കാർഷിക മുന്നേറ്റങ്ങൾക്ക് സ്ഥായിയായ സഹായമായി പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുമോ; എങ്കിൽ വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

## ചിമ്മിനി ഡാമിലെ അറ്റകുറ്റപ്പണികൾ

168(5615) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാമിൽ നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

1) 2018-ലെ പ്രളയത്തിൽ തകർന്ന ചിമ്മിനി ഡാമിന്റെ downstream apron-ന്റെ പുനരുദ്ധാരണ പ്രവൃത്തികൾ റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവിൽ

LIBRARY ARCHIVES Kerala Legislative Assembly